# Deepika

## 28 August 2018

## Kochi: Dairy sector needs special needs, Diary Congress

### ക്ഷീരമേഖലയ്ക്കു പ്രത്യേക പാക്കേജ് വേണം: ക്ഷീരകർഷക കോൺഗ്രസ്

കൊച്ചി: പ്രളയക്കെടുതി നാശം വിതച്ച ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ക്ഷീരകർഷക കോൺഗ്രസ് ജില്ലാ കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.

പ്രളയബാധിതമേഖലകളിൽ നൂറുകണക്കിന് കാലികളാണ് ചത്തൊടുങ്ങിയത്. പ്രളക്കെടുതിയിൽ തകർന്നടിഞ്ഞ ഈ മേഖലയെ രക്ഷിക്കാനും കർഷകർക്ക് ആശ്വാസം നൽകാനും അടിയന്തരമായി സൗജന്യറേഷൻ, സൗജന്യ കാലിത്തീറ്റ, സൗജന്യമരുന്നുകൾ എന്നിവ ലഭ്യമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് ഇക്ബാൽ വലിയവീട്ടിൽ ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ് പ്രസിഡന്റ് എൻ.എ. അമീർ അധ്യക്ഷത വഹിച്ചു. ജില്ലാ ഭാരവാഹികളായ എം.പി. എബ്രഹാം, കെ.കുഞ്ഞുമുഹമ്മദ് ഹാജി, കെ.എൻ. കൃഷ്ണകുമാർ, അഷ്റഫ് കാട്ടുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.